**കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ്**

**തിരുവനന്തപുരം**

തിരുവിതാംകൂർ ദേവസ്വം ബോർഡ് ബിൽഡിംഗ്
എം.ജി.റോഡ്, ആയുർവേദ കോളേജ് ജംഗ്ഷൻ
തിരുവനന്തപുരം -695001
e.mail:kdrbtvm@gmail.com
web:www.kdrb.kerala.gov.in, Ph:0471-2339377


നമ്പർ.352/നി.വിം/കെ.ഡി.ആർ.ബി/2019 20.11.2019

സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി
റവന്യൂ (ദേവസ്വം) വകുപ്പ്
ഗവൺമെന്റ് സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

സർ,

**വിഷയം**:- കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് - ദേവസ്വം ബോർഡ് നിയമനങ്ങളിൽ ഹിന്ദു സംവരണേതര സമുദായത്തിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് സംവരണം ലഭിയ്ക്കുന്നതിന് സർട്ടിഫിക്കറ്റ് നൽകുന്നതിനായി വില്ലേജ് ആഫീസർമാർക്ക് നിർദ്ദേശം നൽകുന്നത് - സംബന്ധിച്ച്.

**സൂചന**:- 19.11.2019 തീയതിയിൽ S.R.O 905/2019 ആയി കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിച്ച 2019 ലെ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് (ഭേദഗതി) ചട്ടങ്ങൾ.

ദേവസ്വം ബോർഡുകളിലെ നിയമനങ്ങളിൽ ഹിന്ദു സംവരണേതര സമുദായങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് 10 ശതമാനം സംവരണം നൽകുന്നതിന് തീരുമാനിക്കുകയും അതനുസരിച്ച് 2015 ലെ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് ചട്ടങ്ങളിൽ സൂചന പ്രകാരം സർക്കാർ ഭേദഗതികൾ വരുത്തുകയും ചെയ്തിട്ടുണ്ട്.

സൂചനയിലെ വിജ്ഞാപന പ്രകാരം നിലവിൽ വന്ന 2019 ലെ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് (ഭേദഗതി) ചട്ടമനുസരിച്ച് ഹിന്ദു സംവരണേതര സമുദായങ്ങളിലെ സാമ്പത്തികമായി

പിന്നാക്കം നില്ക്കുന്ന ഉദ്യോഗാർത്ഥികൾ ആരാണെന്ന് നിശ്ചയിക്കുന്നതിനുമുള്ള മാനദണ്ഡങ്ങൾ താഴെപ്പറയും പ്രകാരമാണ് :-

ചട്ടം 2 എ :

(1) **ഉദ്യോഗാർത്ഥിയുടെ കുടുംബത്തിൽ കേന്ദ്ര/സംസ്ഥാന സർക്കാരിലേയോ, പൊതുമേഖലാ സ്ഥാപനങ്ങളിലേയോ, സഹകരണ മേഖലയിലേയോ, സംസ്ഥാന സർക്കാരിൽ നിന്നും ധനസഹായം ലഭിയ്ക്കുന്ന സ്വയംഭരണ സ്ഥാപനങ്ങളിലേയോ, കേന്ദ്ര സംസ്ഥാന സർക്കാരിൽ നിന്നും തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളിൽ നിന്നും ധനസഹായമോ, ഗ്രാന്റോ ലഭിയ്ക്കുന്ന വിദ്യാഭ്യാസസ്ഥാപനങ്ങളിലേയോ റഗുലർ ജീവനക്കാരൻ ഉണ്ടായിരിക്കരുത്.**

**എന്നാൽ ഈ ഖണ്ഡത്തിലെ വ്യവസ്ഥ മേൽപ്പറഞ്ഞ സ്ഥാപനങ്ങളിലെ പാർട്ട് ടൈം ജീവനക്കാർക്കോ താത്ക്കാലിക ജീവനക്കാർക്കോ ബാധകമല്ല.**

(2) **ഉദ്യോഗാർത്ഥിയുടെ കുടുംബത്തിൽ ആദായനികുതി നൽകുന്ന ഒരംഗവും ഉണ്ടായിരിക്കരുത്.**

(3) **ഉദ്യോഗാർത്ഥിയുടെ കുടുംബത്തിന് ഒരേക്കറിൽ കൂടുതൽ ഭൂമി ഉണ്ടായിരിക്കരുത്.**

(4) **ഉദ്യോഗാർത്ഥിയുടെ കുടുംബത്തിന്റെ മാസവരുമാനം എല്ലാവിധ സ്രോതസ്സിൽ നിന്നുമായി 25,000/- രൂപയിൽ കവിയരുത്.**

സൂചനയിലെ ചട്ടത്തിലെ നിർവചനപ്രകാരം ഉദ്യോഗാർത്ഥിയുടെ കുടുംബം എന്നാൽ സംവരണം ആവശ്യപ്പെടുന്ന ആൾ, അയാളുടെ **മാതാപിതാക്കൾ**, അയാളുടെ ഭാര്യ/ഭർത്താവ്, 18 വയസ്സ് പൂർത്തിയാക്കാത്ത മക്കൾ/സഹോദരങ്ങൾ എന്നിവർ ഉൾപ്പെട്ടതാണ്.

വിവിധ ദേവസ്വം ബോർഡുകളിലേയ്ക്ക് കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് മുഖേന നടത്തുന്ന നിയമനങ്ങളിൽ ഹിന്ദു സംവരണേതര സമുദായങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങൾക്കുള്ള സംവരണ ആനുകൂല്യം ലഭിയ്ക്കുന്നതിനായി ഉദ്യോഗാർത്ഥി സൂചനയിലെ ചട്ടങ്ങളിലെ ഫാറം നമ്പർ III -ൽ വില്ലേജ് ഓഫീസർ നൽകുന്ന സർട്ടിഫിക്കറ്റ് കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് മുമ്പാകെ ഹാജരാക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഈ സർട്ടിഫിക്കറ്റിന്റെ മാതൃകയുടെ മലയാള പരിഭാഷ ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

തിരുവിതാംകൂർ ദേവസ്വം ബോർഡിലെ എൽ.ഡി.ക്ലർക്ക്/സബ് ഗ്രൂപ്പ് ഓഫീസർ ഗ്രേഡ് II തസ്തികയിലേയ്ക്ക് നിയമനത്തിനുള്ള ഉദ്യോഗാർത്ഥികളുടെ സാധ്യതാ ലിസ്റ്റ് കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് 01/11//2019 – ൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഈ സാധ്യതാ ലിസ്റ്റിൽ ഉൾപ്പെട്ട ഹിന്ദു സംവരണേതര സമുദായങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന ഉദ്യോഗാർത്ഥികൾക്ക് സംവരണ ആനുകൂല്യം ലഭിക്കുന്നതിനായി സാദ്ധ്യതാ പട്ടിക പ്രസിദ്ധീകരിച്ച തീയതി മുതൽ രണ്ട് മാസത്തിനുള്ളിൽ വില്ലേജ് ഓഫീസർ നൽകുന്ന മേൽപ്പറഞ്ഞ സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതുണ്ട്.

ഈ സാഹചര്യത്തിൽ മേൽപ്പറഞ്ഞ ചട്ടങ്ങളിൽ നിഷ്കർഷിയ്ക്കുന്ന പ്രകാരം അർഹരായ ഉദ്യോഗാർത്ഥികൾക്ക് ടി സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള അടിയന്തിര നിർദ്ദേശം ലാൻഡ് റവന്യൂ കമ്മീഷണർ മുഖാന്തിരം എല്ലാ വില്ലേജ് ഓഫീസർമാർക്കും നൽകുന്നതിന് നടപടി സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട സർക്കാരിനോട് അഭ്യർത്ഥിക്കുന്നു.

വിശ്വസ്തതയോടെ,

വി.എസ് സന്തോഷ്
അസിസ്റ്റന്റ് സെക്രട്ടറി
സെക്രട്ടറിയ്ക്കു വേണ്ടി

ഉള്ളടക്കം:-

1. 2019 നവംബർ 19-ാം തീയതിയിലെ 2830-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ.നമ്പർ 905/2019 ആയി പ്രസിദ്ധീകരിച്ച 2019 ലെ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് (ഭേദഗതി) ചട്ടങ്ങൾ.
2. ഫാറം നമ്പർ III സർട്ടിഫിക്കറ്റിന്റെ മാതൃകയുടെ മലയാള പരിഭാഷ.